**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4853** **02-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ മേഖലയിൽ വ്യക്തിഗത വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന എ.ബി.സി.ഡി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ മേഖലയിൽ വ്യക്തിഗത വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന എ.ബി.സി.ഡി. പദ്ധതിയുടെ തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജനന സർട്ടിഫിക്കറ്റ്, ആധാർകാർഡ്, റേഷൻകാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ആരോഗ്യ ഇൻഷ്വറൻസ് കാർഡ്, ബാങ്ക് പാസ്സ് ബുക്ക്, വിദ്യാഭ്യാസ രേഖകൾ, പെൻഷൻ രേഖകൾ തുടങ്ങിയ ആധികാരിക രേഖകൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതിനും ആയവ ഡിജിറ്റലൈസ് ചെയ്ത് ഡിജിലോക്കറിൽ സൂക്ഷിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് എ.ബി.സി.ഡി പദ്ധതി (അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ).<br><br>തിരുവനന്തപുരം ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 10 ക്യാമ്പുകൾ നടത്തുകയും ആകെ 4735 ഗുണഭോക്താക്കൾക്ക് 10106 സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ എ.ബി.സി.ഡി പദ്ധതി പൂർത്തീകരിക്കുകയും പൂർത്തീകരണ പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അരുവിക്കര മണ്ഡലത്തിൽ പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ? | (ബി) | അരുവിക്കര മണ്ഡലത്തിൽ വിതുര, തൊളിക്കോട്, കുറ്റിച്ചൽ പഞ്ചായത്തുകളിൽ എ.ബി.സി.ഡി ക്യാമ്പ് 2022-23 മുതൽ ആരംഭിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ